(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ റിപ്പയറിംഗ് ചാർജ്ജിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ ട്രാഫിക് സംവിധാനം

58 [1189] ശ്രീ. കെ. പ്രകാശ് ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൺവേയും നോ എൻട്രിയുമായി റോഡുകളെ തരം തിരിയ്ക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമവും വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ വൺവേ റോഡുകളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) തിരുവനന്തപുരം ട്രാഫിക് സ്റ്റേഷന്റെ മുൻപിലുള്ള ട്രാഫിക് ഐലന്റ് പലപ്പോഴും അപ്രത്യക്ഷമാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സ്ഥിരമായി ഇവിടെ ട്രാഫിക് ഐലന്റ് സ്ഥാപിക്കുവാനും ഒരു പോലീസുകാരനെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോഡുകളുടെ വീതിക്കുറവ്, വാഹനങ്ങളുടെ എണ്ണക്കൂടുതൽ, ചില റോഡുകളിൽ കൂടി വാഹന ഗതാഗതം അനുവദിച്ചാലുണ്ടാകുന്ന ഗതാഗതക്കുരുക്കുകൾ, അപകട സാദ്ധ്യത എന്നിവ പരിഗണിച്ച് അത് ഒഴിവാക്കാൻ വേണ്ടിയാണ് വൺവേയും നോ എൻട്രിയുമായി റോഡുകളെ തരം തിരിയ്ക്കുന്നത്. വൺവേ ആയും, നോ എൻട്രികളായും പ്രഖ്യാപിക്കേണ്ട റോഡുകളുടെ വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകുകയും ജില്ലാ കലക്ടർ അതാത്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധികൃതരുമായി ആലോചിച്ച് ആവശ്യമെന്ന് കാണുന്ന പക്ഷം പ്രസ്തുത റോഡ് വൺവേകളായോ നോ എൻട്രികളായോ പ്രഖ്യാപിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തി നടപ്പിലാക്കുന്നു എന്നതാണ് നടപടിക്രമം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അറ്റകുറ്റപണികൾക്കായും പെയിന്റ് ചെയ്യുന്നതിലേക്കും വേണ്ടി മാത്രമേ ട്രാഫിക് സ്റ്റേഷന്റെ മുൻപിലുള്ള ട്രാഫിക് ഐലന്റ് റോഡിൽനിന്നും മാറ്റാറുള്ളൂ.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ഥിരസ്വഭാവത്തോടു കൂടിയാണ് പ്രസ്തുത പോയിന്റിൽ ട്രാഫിക് ഐലന്റ് സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത ട്രാഫിക് പോയിന്റിൽ ഡ്യൂട്ടിക്കായി എല്ലാ ദിവസവും ട്രാഫിക് കോൺസ്റ്റബിളിനെ നിയമിച്ചുവരുന്നുണ്ട്.

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ്

59 [1191] ശ്രീ. റ്റി. ശരത്ചന്ദ്ര പ്രസാദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം ഉണ്ടാകുവാൻ കാരണമെന്താണ്; ഇത് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം സംബന്ധിച്ച ഏതാനും കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നത് കൊണ്ടാണ് അവരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം ഉണ്ടായത്. അവയിൽ ഭൂരിഭാഗം കേസ്സുകളിലും വിധി പ്രസ്താവിച്ചു കഴിഞ്ഞു. ബാക്കിയുള്ള കേസ്സുകളിൽകൂടി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ കുടുംബകോടതി

60 [1192] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയ്ക്കായി കുടുംബകോടതി രൂപീകരിക്കാത്തതിനെ ഹൈക്കോടതി വിമർശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ഒരു കുടുംബകോടതി സ്ഥിപിക്കണമെന്ന് ഹൈക്കോടതി ശുപാർശ ചെയ്തിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

ജയിലുകളിലെ തടവുകാർ

61 [1193] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഇപ്പോൾ ആകെ എത്ര തടവുകാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

5. Each will bear the travel expenses of his faculty.

6. At least one team from medical institutions in Kerala would be sent to Loma Linda University for training in CQI in 1996.

7. At least one team of experts in CQI from Loma Linda University will visit Kerala in 1996.

8. The collaboration in these two areas would continue in the year 1997.

Within one year other areas of collaboration like Dentistry, Psychiatric Nursing, Pain clinic, (Rehabilitation centers), Cardiothoracic Surgery, Burns and Pulmonology would be identified and separate memorandum of understanding would be entered into.

Signed at Thiruvananthapuram
on 16th February, 1996
Secretary to Government,

(Sd.)

GOPAL K. PILLAI, I.A.S.
Secretary to Government
Health and Family Welfare
Department,
Government of Kerala,
Thiruvananthapuram, Kerala,
India

(Sd.)

JOAN COGGIN, M.D., MPH,
Special Assistant to the President
for International Affairs,
Loma Linda University,
Loma Linda, California, USA.

അനുബന്ധം II

[13-3-1996-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 58 (1189) കാണുക]

തിരുവനന്തപുരം നഗരത്തിൽ നിയമാനുസരണം 'വൺവേ' കളായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകൾ

1. ഡി. പി. ഐ. ജംഗ്ഷൻ മുതൽ വിമൻസ് കോളേജ് ജംഗ്ഷൻ വരെയുള്ള റോഡിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ടു മാത്രം പ്രവേശനം.

2. റോസ്ഹൗസ് ജംഗ്ഷൻ മുതൽ പനവിള ജംഗ്ഷൻവരെയുള്ള റോഡ്—വടക്കു നിന്നും തെക്കോട്ടു മാത്രം പ്രവേശനം

3. ഉഷാമംഗലം മുതൽ ഹോളി ഏഞ്ചൽസ് കോൺവെൻറ് സ്കൂൾ വരെയുള്ള റോഡിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ 10 മണിവരെയും 12 മുതൽ 1 മണിവരെയും 3 മുതൽ 4 മണിവരെയും പ്രവേശനം കോൺവെൻറ് ഭാഗത്തുനിന്നും മാത്രം.

4. ചൂരക്കാട്ട് പാളയം മുതൽ പവർഹൗസ് ജംഗ്ഷൻ വരെയുള്ള റോഡിൽ രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ ഹെവി വെഹിക്കിൾസിന് പ്രവേശനം നിരോധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

5. ആയുർവേദ കോളേജ് ജംഗ്ഷൻ മുതൽ കുന്നുംപുറം ജംഗ്ഷൻ വരെയുള്ള റോഡിൽ വൈകിട്ട് 5 മണി മുതൽ രാത്രി 10 മണിവരെ പ്രവേശനം പടിഞ്ഞാറുനിന്നും കിഴക്കോട്ടുമാത്രം.

6. ധർമ്മാലയം റോഡ്—പ്രവേശനം പടിഞ്ഞാറ് നിന്ന് മാത്രം.

7. മേലേ പഴവങ്ങാടി ജംഗ്ഷൻ മുതൽ തകരപ്പറമ്പ് ജംഗ്ഷൻ വരെയുള്ള റോഡിൽ പ്രവേശനം കിഴക്കുനിന്നും പടിഞ്ഞാറോട്ട് മാത്രം.

8. മേലേ പഴവങ്ങാടി മുതൽ പവർ ഹൗസ് ജംഗ്ഷൻ വരെയുള്ള റോഡ്— പ്രവേശനം പടിഞ്ഞാറുനിന്നും കിഴക്കോട്ട് മാത്രം.

9. ആയുർവേദ കോളേജ് ജംഗ്ഷൻ മുതൽ ചെട്ടികുളങ്ങര ജംഗ്ഷൻ വരെയുള്ള റോഡ്—ഹെവി വെഹിക്കിൾസിനുമാത്രം വടക്കുനിന്നും തെക്കോട്ടുള്ള പ്രവേശനം നിരോധിച്ചിരിക്കുന്നു.

10. സ്പെൻസർ ജംഗ്ഷൻ മുതൽ ഗ്യാസ് ഹൗസ് ജംഗ്ഷൻ വരെയുള്ള റോഡ്—പ്രവേശനം സ്പെൻസർ ജംഗ്ഷനിൽനിന്നു മാത്രം.

11. ആര്യശാല ജംഗ്ഷൻ മുതൽ ഗാന്ധിപാർക്ക് ജംഗ്ഷൻ വരെയുള്ള ചാല റോഡിലേക്ക് സഭാപതി കോവിൽ തെരുവ് ഒഴികെ മറ്റുള്ള ഇടറോഡുകളിൽ നിന്നും പ്രവേശനം ഇല്ല.

അനുബന്ധം III

[13-3-1996-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 84 (1261) കാണുക.]

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

ജി. ഒ. (പി) നം. 566/95/ ആ.കു.വ. തിരുവനന്തപുരം, 1995 ഡിസംബർ 23.

സംഗ്രഹം.—അധികാരവികേന്ദ്രീകരണം—ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ—ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം.—18-9-1995-ലെ സർക്കാർ ഉത്തരവ് (പി) നം. 189/95/ത.ഭ.വ.

ഉത്തരവ്

മുകളിൽ പരാമർശിച്ച ഉത്തരവുപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാം ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. ആരോഗ്യവകുപ്പിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly